Diwan Bahadur Dr. V. Verghese.—Yes; 91 patients have been treated till 30th Vrischigam 1102.

Stipends to Valans for studying medicine.

264. മിസ്റ്റർ കെ. പി. കറുപ്പൻ.—താഴെ എഴുതുന്ന ചോദ്യങ്ങൾക്ക് ഗവർമ്മേണ്ടു സദയം മറുപടി പറയുമൊ.—

(എ) വാലസമുദായത്തിൽ നിന്നും ആരെങ്കിലും വൈദ്യം പരിശീലനത്തിന് സഹായധനം അപേക്ഷിക്കുകയുണ്ടായിട്ടുണ്ടൊ;

(ബി) ഉണ്ടെങ്കിൽ ആവശ്യപ്പെട്ടപ്രകാരം എന്തെങ്കിലും സഹായം അവർക്ക നൽകീട്ടുണ്ടൊ?

ദിവാൻ ബഹദർ ഡോക്ടർ വി. വർഗ്ഗീസ്.—(എ) ഉണ്ട്.

(ബി) ഇല്ല.

The application of K. V. Kochunni for a post in the Medical Department.

265. മിസ്റ്റർ കെ. പി. കറുപ്പൻ. — (എ) വാല സമുദായത്തിൽ നിന്നും ഇടംപ്രഥമമായി വൈദ്യപരീക്ഷ പാസ്സായിവന്ന മിസ്റ്റർ കെ. വി. കൊച്ചുണ്ണി ഇവിടത്തെ വൈദ്യവകുപ്പിൽ ഒരു ഉദ്യോഗത്തിനപേക്ഷിച്ചിട്ടില്ലേ;

(ബി) മിസ്റ്റർ കൊച്ചുണ്ണിയുടെ അപേക്ഷപ്രകാരം അദ്ദേഹത്തെ നിയമിക്കുകയുണ്ടായൊ?

ദിവാൻ ബഹദർ ഡാക്ടർ വി. വർഗ്ഗീസ്:

(എ) ഉണ്ട്,

(ബി) ഇതേവരെ ആയിട്ടില്ല.

മിസ്റ്റർ കെ. പി. കറുപ്പൻ.—മിസ്റ്റർ കൊച്ചുണ്ണിയുടെ അപേക്ഷയുടെ ശേഷം പുതുതായി ആരെയെങ്കിലും നിയമിച്ചിട്ടുണ്ടൊ?

ദിവാൻ ബഹദർ ഡാക്ടർ വി. വർഗ്ഗീസ്.— ഇപ്പോൾ എനിക്ക ഓർമ്മയില്ല.

മിസ്റ്റർ കെ. പി. കറുപ്പൻ.—ഡാക്ടർ വെങ്കിടേശ്വരയ്യരുടെ നിയമനം മിസ്റ്റർ കൊച്ചുണ്ണിയുടെ അപേക്ഷക്ക് ശേഷമല്ലെഉണ്ടായിട്ടുള്ളതു്.

Diwan Bahadur Dr. V. Verghese.—I cannot fix exactly the date of Kochunni's application. It is difficult to remember all these. Mr. Venkiteswara Ayyar was taken into the Assistant Surgeon's grade. This Kochunni is only an L. M. P., and so cannot be appointed as Assistant Surgeon for want of necessary qualification.

മിസ്റ്റർ കെ. പി. കറുപ്പൻ.—വാലന്മാരുടെ ഇടയിൽ പരീക്ഷായോഗ്യത ഉള്ള ആളുകൾ വളരെ ഒന്നും ഇല്ലാത്ത സ്ഥിതിക്ക് വലിയപരീക്ഷായോഗ്യത വേണമെന്നുള്ള നിബന്ധത്തെ വക വെയ്ക്കാതെ ഉദ്യോഗം കൊടുത്തുകൂടെ?

President.—His question is, being a member of the depressed classes, why do you insist on qualifications? Why not you give special concession?

LIBRARY ARCHIVES Kerala Legislative Assembly